**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം. PF3/114280/2018/T-DHSE** **തീയതി : 28/06/2018.**

## സർക്കുലർ

വിഷയം: ഹ.സെ.വി.വ. – കേരള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ (+2) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് – GAIN/IFMS PF Online- Closure അപേക്ഷ സമർപ്പിക്കുന്നത് – സംബന്ധിച്ച്:-

സൂചന: ഈ ആഫീസിലെ 31/05/2018 ലെ ഇതേ നമ്പർ സർക്കുലർ.

സൂചന സർക്കുലർ പ്രകാരം 01/06/2018 മുതൽ ക്ലോഷർ അപേക്ഷകൾ ഓൺലൈൻ ആയി മാത്രമേ അപേക്ഷിക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 2015-2016 ലെ ക്രെഡിറ്റ് കാർഡ് ഇനിയും ലഭ്യമാകാത്ത റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് സൂചന സർക്കുലർ പ്രകാരം ക്ലോഷർ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ഇപ്രകാരം റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് ടി സാഹചര്യം പരിഗണിച്ച് മാന്യുവൽ ആയി 31/07/2018 വരെ ക്ലോഷർ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടാതെ ക്ലോഷർ/എൻ.ആർ.എ അപേക്ഷകൾ സമർപ്പിക്കുമ്പോൾ പ്രിൻസിപ്പാൾ അപേക്ഷകന്റെ വിവരങ്ങൾ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമേ സമർപ്പിക്കാൻ പാടുള്ളൂ. സമർപ്പിച്ച അപേക്ഷയിലെ പിഴവുമൂലം അപേക്ഷകനോ, സർക്കാരിനോ ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപന മേധാവിയായ പ്രിൻസിപ്പൽ പൂർണ്ണ ഉത്തരവാദിയാകുന്നതുമാണ്. ആയതിനാൽ ചുവടെ പറയുന്ന കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

1). ക്ലോഷർ അപേക്ഷകളിൽ അപേക്ഷകന്റെ ഫോൺ നമ്പർ വ്യക്തമായും രേഖപ്പെടുത്തേണ്ടതാണ്.

2). അപേക്ഷകന്റെയും Counter Sign ചെയ്യുന്ന ഓഫീസറിന്റെയും ഒപ്പും തിയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3). അപേക്ഷയിൽ ഇതുവരെ അനുവദിച്ചിട്ടുള്ള TA/NRA യുടെ വിവരങ്ങൾ പ്രിൻസിപ്പൽ/ആർ.ഡി.ഡി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

4). അവസാനം ലഭിച്ച ക്രെഡിറ്റ് കാർഡിന്റെ പകർപ്പ് Subscriber & Principal സാക്ഷ്യപ്പെടുത്തിയത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

5). 2015-2016 ക്രെഡിറ്റ് കാർഡിന് ശേഷം TA/NRA യുടെ വിവരങ്ങൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

6). തെറ്റായി തുക ലഭിച്ചിട്ടുണ്ടെങ്കിൽ തിരിച്ചടക്കാമെന്നുള്ള സത്യാവാങ് മൂലം പ്രിൻസിപ്പൽ/ആർ.ഡി.ഡി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

7). അപേക്ഷകളിൽ ന്യൂനത മൂലം നിരസിച്ച് തിരിച്ച് അയക്കുന്നവ ന്യൂനതകൾ പരിഹരിച്ച് ബന്ധപ്പെട്ട ആർ.ഡി.ഡി മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

8). 2015-2016 ക്രെഡിറ്റ് കാർഡിന് ശേഷം ട്രാൻസഫർ ക്രെഡിറ്റ് ഉള്ളവർ ബന്ധപ്പെട്ട രേഖയും അതോടൊപ്പം School Name, Treasury Name, PEN No, KAHSS(+2) EPF Account No, KASEP Account No എന്നിവ രേഖപ്പെടുത്തി പ്രിൻസിപ്പൽ/ആർ.ഡി.ഡി സാക്ഷ്യപ്പെടുത്തി സർക്കുലറിനോടൊപ്പമുള്ള പ്രൊഫോർമയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8). പ്രൊഫോർമയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കുന്നതിലെ കാലതാമസം 2016-17 മുതലുള്ള ക്രെഡിറ്റ് കാർഡ് വിതരണത്തെ ബാധിക്കുമെന്നതിനാൽ സൂചന സർക്കുലർ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അടിയന്തരമായി അറിയിക്കേണ്ടതാണ്

ഒപ്പ്
ഡയറക്ടർ

പകർപ്പ് – എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
എല്ലാ ആർ.ഡി.ഡി മാർക്കും (അറിവിലേയ്ക്ക്)

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)